2

# Standard X-SS1-Chapter 4

## ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനിൽപ്പുകളും

### ചെറുത്തുനിൽപ്പുകൾ



# ചെറുത്തുനിൽപ്പുകൾ

- നീലം കർഷക സമരം-1859

നീലം കൃഷി ലാഭകരമല്ലാത്തതിനാൽ അവസാനിപ്പിക്കണമെന്ന് കമ്മീഷൻ നിർദേശിച്ചു.

- മലബാറിലെ കർഷക കലാപങ്ങൾ-1855

ബ്രിട്ടീഷുകാരുടെ തെറ്റായ നികുതി നയങ്ങളാണ് കലാപത്തിന് കാരണമായതെന്ന് കമ്മീഷൻ കണ്ടെത്തി.

# കാടുകൾ കലാപഭൂമിയാകുന്നു
# ഗോത്ര വർഗകലാപങ്ങൾ

ബംഗാൾ, ഝാർഖണ്ഡ്, ബിഹാർ സംസ്ഥാനങ്ങളിലായി പരന്നുകിടക്കുന്ന രാജ്മഹൽ കുന്നുകളുടെ താഴ്‌വരയിൽ ജീവിച്ചുവന്ന ഗോത്രജനതയായിരുന്നു സന്താൾമാർ. വനവിഭവങ്ങൾ ശേഖരിച്ചും കൃഷിചെയ്തും പ്രകൃതിയോട് ഇണങ്ങിജീവിച്ചുപോന്നവർ.

കരുത്തരും അധ്വാനശീലരും തനതായ സംസ്കാരമുള്ളവരുമായിരുന്നു അവർ. ബ്രിട്ടീഷ് ആധിപത്യം സ്ഥാപിക്കപ്പെട്ടതോടെ സന്താൾ ജനതയുടെ ജീവിതത്തിന്റെ താളം നഷ്ടമായി.

# സന്താൾകലാപം-1855-1856

വന വിഭവങ്ങൾ ശേഖരിക്കൽ , കന്നുകാലി വളർത്തൽ , പുനം കൃഷി , വേട്ടയാടൽ എന്നിവയായിരുന്നു ഗോത്ര വർഗക്കാരുടെ പ്രധാന ജീവിത മാർഗങ്ങൾ. ബ്രിട്ടീഷുകാരുടെ വന നിയമങ്ങൾ ഇവരെ ദുരിതത്തിലാക്കി. വനങ്ങളെ സംരക്ഷിത പ്രദേശമാക്കിയതോടെ വനത്തിലേക്കുള്ള പ്രവേശനം നിഷേധിച്ചു. ഗോത്ര ജനത ശേഖരിച്ചിരുന്ന വനവിഭവങ്ങളുടെമേൽ ബ്രിട്ടീഷുകാർ ഉയർന്ന നികുതി ചുമത്തി. ബ്രിട്ടീഷുകാരുടെ ആവശ്യങ്ങൾക്കായി മരങ്ങൾ മുറിച്ച് വനം നശിപ്പിക്കുകയും ചെയ്തു. ഇവയെല്ലാം ഗോത്ര വർഗക്കാരുടെ സമരങ്ങൾക്ക് കാരണമായി.

# ബ്രിട്ടീഷുകാർ വനങ്ങൾ വെട്ടിയിരുന്നത് എന്തിനു വേണ്ടി?

കപ്പൽ നിർമ്മാണം ,റെയിൽപ്പാത നിർമ്മാണം എന്നീ ആവശ്യങ്ങൾക്കും തോട്ടം വ്യവസായങ്ങൾ ആരംഭിക്കാൻ വേണ്ടിയും വ്യാപകമായി ബ്രിട്ടീഷുകാർ വനങ്ങൾ വെട്ടി നശിപ്പിച്ചു.

# സന്താൾ കലാപം- 1855-1856


## ചില ച്ത്രങ്ങൾ







സന്താൾ കലാപത്തിന് നേതൃത്വം നൽകിയ സിദ്ദുവിനെയും കാനുവിനെയും ആദരിച്ചുകൊണ്ട് ഇന്ത്യാ ഗവൺമെന്റ് പുറത്തിറക്കിയ സ്റ്റാമ്പ്





# കുറിച്യകലാപം-1812
# വയനാട്-കേരളം

## പ്രധാന കാരണങ്ങൾ

- ബ്രിട്ടീഷകാർ അമിതമായ നികുതി ചുമത്തിയത്.
- നികുതി പണമായി അടയ്ക്കാൻ നിർബന്ധിച്ചത്.
- നികുതി നൽകാൻ കഴിയാത്തവരുടെ ഭൂമി പിടിച്ചെടുത്തത്.

കുറിച്യ നേതാവ് രാമൻനമ്പിയുടെ നേതൃത്വത്തിൽ നടത്തിയ കലാപത്തിൽ മറ്റു വിഭാഗം ജനങ്ങളും പങ്കെടുത്തു. ബ്രിട്ടീഷുകാർ രാമൻനമ്പിയെ പിടികൂടി വധിച്ചു.

# വയനാട്ടിലെ കുറിച്യർ









# മറ്റു ഗോത്ര ഗോത്ര കലാപങ്ങൾ

- പഹാരിയ കലാപം
- ഭീൽ കലാപം
- കോൾ കലാപം
- മുണ്ട കലാപം
- ഖാസി കലാപം

# പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ച

## ഇന്ത്യൻ തുണിവ്യവസായം

"ഇന്ത്യയുടെ വാണിജ്യചരിത്രത്തിൽ ഇതുപോലൊരു ദുരിതം കാണാനില്ല. പരുത്തിനെയ്ത്തുകാരുടെ എല്ലുകൾ ഇന്ത്യൻ സമതലങ്ങളെ വെളുപ്പിക്കുന്നു."

വില്യം ബെന്റിക് പ്രഭു (1834 – 35)



ബ്രിട്ടീഷ് കാലത്തെ തീവണ്ടി

# ഇന്ത്യൻ തുണി വ്യവസായത്തിന്റെ തകർച്ച - കാരണങ്ങൾ

അസംസ്കൃത വസ്തുക്കളുടെ കയറ്റുമതി ഇന്ത്യൻ വ്യവസായങ്ങളെ ബാധിച്ചു.

യന്ത്രനിർമ്മിത ബ്രിട്ടീഷ് തുണിത്തരങ്ങൾ വൻതോതിൽ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്തതോടെ ഇന്ത്യൻ തുണിത്തരങ്ങൾക്ക് ആവശ്യം കുറഞ്ഞു.

ബ്രിട്ടനിൽനിന്നും ഇറക്കുമതി ചെയ്ത യന്ത്ര നിർമ്മിത തുണികൾക്ക് വില കുറവായിരുന്നതിനാൽ വേഗത്തിൽ വിറ്റഴിഞ്ഞു.

റെയിൽവേയുടെ വികസനം അസംസ്കൃത വസ്തുക്കൾ ശേഖരിക്കാനും   തുണിത്തരങ്ങൾ ഗ്രാമങ്ങളിൽ പോലും എത്തിക്കാനും  ബ്രിട്ടീഷുകാരെ സഹായിച്ചു.


ബ്രിട്ടനിലേക്ക് കയറ്റുമതി ചെയ്തിരുന്ന ഇന്ത്യൻ തുണിത്തരങ്ങൾക്ക് ബ്രിട്ടീഷ് ഗവണ്മെന്റ് ചുമത്തിയ ഉയർന്ന നികുതി വില വർദ്ധിക്കാൻ കാരണമായി.അതോടെ ബ്രിട്ടീഷ് വിപണി ഇന്ത്യൻത്തുണിത്തരങ്ങൾക്ക് നഷ്ടമായി.

ബ്രിട്ടീഷ് ഉദ്യോഗസ്ഥരുടെ ചൂഷണം തൊഴിലാളികളെ നെയ്ത്ത് ഉപേക്ഷിക്കാൻ നിർബന്ധിതരാക്കി.

# ഗ്രാമീണവ്യവസായങ്ങളുടെ തകർച്ച

| ഗ്രാമീണ വ്യവസായങ്ങൾ | തകർച്ചയുടെ കാരണം |
|---|---|
| • മൺപാത്രനിർമാണം | • അലുമിനിയം പാത്രങ്ങളുടെ ഇറക്കുമതി. |
| • തുകൽപ്പണി | • അസംസ്കൃതവസ്തുവായ തുകലിന്റെ യൂറോപ്പിലേക്കുള്ള കയറ്റുമതി. |
| • മരപ്പണി | • ലോഹനിർമിതയന്ത്രങ്ങളുടെ ഉപയോഗം. |







# പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ചയുടെ അനന്തര ഫലങ്ങൾ

മുർഷിദാബാദ് , ധാക്ക തുടങ്ങിയ തുണി നിർമാണ കേന്ദ്രങ്ങളിലെ ജനസംഖ്യ കുറഞ്ഞു.

തൊഴിലാളികൾ കൂട്ടത്തോടെ ഗ്രാമങ്ങളിലെത്തി കൃഷിയിലേക്ക് തിരിഞ്ഞു.

ഇതോടെ കൃഷിഭൂമി ചെറിയ തുണ്ടുകളായി മാറുകയും ഉത്പാദന മുരടിപ്പ് ഉണ്ടാവുകയും ചെയ്തു.

ഇതിന്റെ ഫലമായി ക്ഷാമങ്ങളും പട്ടിണി മരണങ്ങളും രൂക്ഷമായി.

# ആധുനിക വ്യവസായങ്ങളുടെ ആരംഭവും തൊഴിലാളികളുടെ അവസ്ഥയും

തോട്ടം വ്യവസായങ്ങൾ, തുണി , ചണം , ഇരുമ്പുരുക്ക് ,പേപ്പർ തുടങ്ങിയവ ആയിരുന്നു ഇന്ത്യയിലെ പ്രധാന ആധുനിക വ്യവസായങ്ങൾ

# വ്യവസായ തൊഴിലാളികളുടെ അവസ്ഥ

മണിക്കൂറുകളോളം നീണ്ട ജോലി സമയം

കുറഞ്ഞ കൂലി

അനാരോഗ്യകരമായ താമസ സൗകര്യങ്ങൾ

## തൊഴിലാളികളുടെ ചെറുത്ത് നിൽപ്പുകൾ
## (ചൂഷണങ്ങൾക്കെതിരായ സമരങ്ങൾ)


ബോംബെയിലെ തുണിമിൽ തൊഴിലാളികൾ നടത്തിയ സമരം

കൽക്കത്തയിലെ ചണമിൽ തൊഴിലാളികളുടെ സമരം

ഈ പ്രക്ഷോഭങ്ങളൊന്നും അതത് പ്രദേശങ്ങൾക്കപ്പുറത്തേക്ക്
വളർന്നില്ല. ഇവയ്ക്ക് സംഘടിത സ്വഭാവം ഉണ്ടായിരുന്നില്ല.
അതുകൊണ്ടുതന്നെ സമരങ്ങളെല്ലാം പരാജയപ്പെട്ടു.

## വിലയിരുത്താം...

1.ഗോത്രവർഗകലാപങ്ങളുടെ കാരണങ്ങൾ എന്തായിരുന്നു?
2.സന്താൾ ഗോത്ര വർഗ വിഭാഗങ്ങൾ ഏത് പ്രദേശത്താണ് കാണപ്പെടുന്നത്?
3.കുറിച്യർ കലാപത്തിന്റെ കാരണങ്ങൾ എന്തെല്ലാം?
4.കുറിച്യർ കലാപത്തിന്റെ നായകൻ ആരായിരുന്നു?
5.ബ്രിട്ടീഷ് ഭരണത്തിനെതിരെ നടന്ന മറ്റു ഗോത്ര കലാപങ്ങൾ ഏതെല്ലാം? പട്ടിക തയ്യാറാക്കുക.
6.ഇന്ത്യൻ തുണിവ്യവസായത്തിന്റെ തകർച്ചയ്ക്കുള്ള കാരണങ്ങൾ ഏവ?
7.ഗ്രാമീണ വ്യവസായങ്ങളും തകർച്ചക്കുള്ള കാരണങ്ങളും പട്ടിക തയ്യാറാക്കുക.
8.പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ചയുടെ ഫലങ്ങൾ എന്തായിരുന്നു?
9.ബ്രിട്ടീഷ് ഭരണകാലത്ത് ആരംഭിച്ച ആധുനിക വ്യവസായങ്ങൾ ഏവ?
10.വ്യവസായത്തൊഴിലാളികൾ നേരിട്ട പ്രയാസങ്ങൾ എന്തെല്ലാമായിരുന്നു?
11.എവിടെയുള്ള വ്യവസായത്തൊഴിലാളികളാണ് പ്രക്ഷോഭത്തിലേർപ്പെട്ടത്?



**Lessons Prepared by**
**Muralidharan TK**
**HSA Social Science (Retired)**
**KMGVHSS Tavanur**
**Malappuram District**
**9400756526**
**tkmuralithaliakkattu@gmail.com**